(ഡി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന പ്രസ്തുത ട്രെയിനിംഗിന് ഡെപ്യൂട്ട് ചെയ്ത നടപടി പിൻവലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി. ഒ. (എം. എസ്.) 44/70/ആ. വ. തീയതി 9-2-1970 പ്രകാരം.

(ബി, സി, ആൻറ് ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയോര മേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

121 [1300] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിലെ ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. ലിസ്റ്റിൽ നിന്നും 440 അസിസ്റ്റൻറ് സർജൻമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മലയോര പ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി വയനാട്, കാസറഗോഡ് എന്നീ ജില്ലകൾക്ക് $2\frac{1}{2}$ കോടി രൂപ വീതവും ഇടുക്കി ജില്ലയ്ക്ക് 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ കാലയളവിൽ ശമ്പളം ലഭിക്കാത്ത ഡോക്ടർമാർ

122 [1301] ശ്രീ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതാപൻ കമ്മീഷൻ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 1-1-1995-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൻറെ അടിസ്ഥാനത്തിൽ പി. ജി. കോഴ്സിന് ചേർന്ന ഡോക്ടർമാർക്ക് ഡെപ്യൂട്ടേഷൻ കാലത്തേക്ക് അനുവദിച്ച ശമ്പളം അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly